യാകുന്നു.

13. തീർച്ചയായും അവൻ തന്നെയാണ് ആദ്യമായി ഉണ്ടാക്കുന്നതും ആവർത്തിച്ചുണ്ടാക്കുന്നതും.

إِنَّهُۥ هُوَ يُبۡدِئُ وَيُعِيدُ ١٣

14–16. അവൻ ഏറെ പൊറുക്കുന്നവനും, ഏറെ സ്നേഹമുള്ളവനും, സിംഹാസനത്തിന്റെ ഉടമയും, മഹത്വമുള്ളവനും, താൻ ഉദ്ദേശിക്കുന്നതെന്തോ അത് തികച്ചും പ്രാവർത്തികമാക്കുന്നവനുമാണ്.

وَهُوَ ٱلۡغَفُورُ ٱلۡوَدُودُ ١٤

ذُو ٱلۡعَرۡشِ ٱلۡمَجِيدُ ١٥

فَعَّالٞ لِّمَا يُرِيدُ ١٦

17,18. ആ സൈന്യങ്ങളുടെ, അഥവാ ഫിർഔന്റെയും ഥമൂദിന്റെയും വർത്തമാനം നിനക്ക് വന്നുകിട്ടിയിരിക്കുന്നോ?

هَلۡ أَتَىٰكَ حَدِيثُ ٱلۡجُنُودِ ١٧

فِرۡعَوۡنَ وَثَمُودَ ١٨

19. അല്ല, സത്യനിഷേധികൾ നിഷേധിച്ചു തള്ളുന്നതിലാകുന്നു ഏർപ്പെട്ടിട്ടുള്ളത്.

بَلِ ٱلَّذِينَ كَفَرُواْ فِي تَكۡذِيبٖ ١٩

20. അല്ലാഹു അവരുടെ പിൻവശത്തുകൂടി (അവരെ) വലയം ചെയ്തുകൊണ്ടിരിക്കുന്നവനാകുന്നു.

وَٱللَّهُ مِن وَرَآئِهِم مُّحِيطُۢ ٢٠

21. അല്ല, അത് മഹത്വമേറിയ ഒരു ഖുർആനാകുന്നു.

بَلۡ هُوَ قُرۡءَانٞ مَّجِيدٞ ٢١

22. സംരക്ഷിതമായ ഒരു ഫലകത്തിലാണ് അതുള്ളത്.[1]

فِي لَوۡحٖ مَّحۡفُوظِۭ ٢٢

## അത്ത്വാരിഖ്
(രാത്രിയിൽ വരുന്നത്)

## سُورَةُ الطَّارِقِ

അദ്ധ്യായം - 86

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

1. ആകാശം തന്നെയാണ, രാത്രിയിൽ വരുന്നതു തന്നെയാണ സത്യം.

وَٱلسَّمَآءِ وَٱلطَّارِقِ ١

[1] അല്ലാഹുവിന്റെ വചനങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളതും അവന്റെ സവിശേഷ പരിരക്ഷയിലിരിക്കുന്നതുമായ ഒരു രേഖയത്രെ 'അല്ലൗഹുൽ മഹ്ഫൂള്'.

وَمَآ أَدۡرَىٰكَ مَا ٱلطَّارِقُ ٢

2. രാത്രിയിൽ വരുന്നത് എന്നാൽ എന്താണെന്ന് നിനക്കറിയാമോ?

ٱلنَّجۡمُ ٱلثَّاقِبُ ٣

3. തുളച്ചുകയറുന്ന നക്ഷത്രമത്രെ അത്.

إِن كُلُّ نَفۡسٖ لَّمَّا عَلَيۡهَا حَافِظٞ ٤

4. തൻെറ കാര്യത്തിൽ ഒരു മേൽനോട്ടക്കാരനുണ്ടായിക്കൊണ്ടല്ലാതെ യാതൊരാളുമില്ല.

فَلۡيَنظُرِ ٱلۡإِنسَٰنُ مِمَّ خُلِقَ ٥

5. എന്നാൽ മനുഷ്യൻ ചിന്തിച്ചുനോക്കട്ടെ താൻ എന്തിൽനിന്നാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് എന്ന്.

خُلِقَ مِن مَّآءٖ دَافِقٖ ٦

6. തെറിച്ചു വീഴുന്ന ഒരു ദ്രാവകത്തിൽ നിന്നത്രെ അവൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്.

يَخۡرُجُ مِنۢ بَيۡنِ ٱلصُّلۡبِ وَٱلتَّرَآئِبِ ٧

7. മുതുകെല്ലിനും നെഞ്ചെല്ലുകൾക്കുമിടയിൽ നിന്ന് അത് പുറത്തു വരുന്നു.[1]

إِنَّهُۥ عَلَىٰ رَجۡعِهِۦ لَقَادِرٞ ٨
يَوۡمَ تُبۡلَى ٱلسَّرَآئِرُ ٩

8,9. രഹസ്യങ്ങൾ പരിശോധിക്കപ്പെടുന്ന ദിവസം അവനെ (മനുഷ്യനെ) തിരിച്ചുകൊണ്ടു വരുവാൻ തീർച്ചയായും അവൻ (അല്ലാഹു) കഴിവുള്ളവനാകുന്നു.

فَمَا لَهُۥ مِن قُوَّةٖ وَلَا نَاصِرٖ ١٠

10. അപ്പോൾ അവന് (മനുഷ്യന്) യാതൊരു ശക്തിയോ സഹായിയോ ഉണ്ടായിരിക്കുകയില്ല.

وَٱلسَّمَآءِ ذَاتِ ٱلرَّجۡعِ ١١
وَٱلۡأَرۡضِ ذَاتِ ٱلصَّدۡعِ ١٢

11,12. ആവർത്തിച്ചു മഴ പെയ്യിക്കുന്ന ആകാശത്തെകൊണ്ടും സസ്യലതാദികൾ മുളപ്പിക്കുന്ന ഭൂമിയെക്കൊണ്ടും സത്യം.

إِنَّهُۥ لَقَوۡلٞ فَصۡلٞ ١٣

13. തീർച്ചയായും ഇതു നിർണ്ണായകമായ ഒരു വാക്കാകുന്നു.

وَمَا هُوَ بِٱلۡهَزۡلِ ١٤

14. ഇതു തമാശയല്ല.

---

[1] 'യഖ്റുജു' എന്ന വാക്കിന് 'അവൻ പുറത്തുവരുന്നു' എന്ന് അർത്ഥം നൽകിയ വ്യാഖ്യാതാക്കളുമുണ്ട്. 'യഖ്റുജു' എന്ന വാക്കിന് ആവിർഭവിക്കുന്നു എന്നും അർത്ഥമാക്കാവുന്നതാണ്. ഈ വചനത്തെപ്പറ്റി പ്രാചീനരും ആധുനികരുമായ വ്യാഖ്യാതാക്കൾ വിശദമായി ചർച്ച ചെയ്തിട്ടുണ്ട്.

إِنَّهُمْ يَكِيدُونَ كَيْدًا ١٥

15. തീർച്ചയായും അവർ (വലിയ) തന്ത്രം പ്രയോഗിച്ചുകൊണ്ടിരിക്കും.

وَأَكِيدُ كَيْدًا ١٦

16. ഞാനും (വലിയ) തന്ത്രം പ്രയോഗിക്കും.

فَمَهِّلِ ٱلْكَـٰفِرِينَ أَمْهِلْهُمْ رُوَيْدًۢا ١٧

17. ആകയാൽ (നബിയേ,) നീ സത്യനിഷേധികൾക്ക് കാലതാമസം നൽകുക. അൽപസമയത്തേക്ക് അവർക്ക് നീ താമസം നൽകിയേക്കുക.

## سُورَةُ الأَعْلَى

## അൽഅഅ്ലാ
(അത്യുന്നതൻ)

### അദ്ധ്യായം - 87

بِسْمِ ٱللَّهِ ٱلرَّحْمَـٰنِ ٱلرَّحِيمِ

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ

سَبِّحِ ٱسْمَ رَبِّكَ ٱلْأَعْلَى ١
ٱلَّذِى خَلَقَ فَسَوَّىٰ ٢

1,2. സൃഷ്ടിക്കുകയും സംവിധാനിക്കുകയും ചെയ്ത അത്യുന്നതനായ നിൻെറ രക്ഷിതാവിൻെറ നാമം പ്രകീർത്തിക്കുക.

وَٱلَّذِى قَدَّرَ فَهَدَىٰ ٣
وَٱلَّذِىٓ أَخْرَجَ ٱلْمَرْعَىٰ ٤
فَجَعَلَهُۥ غُثَآءً أَحْوَىٰ ٥

3–5. വ്യവസ്ഥ നിർണയിച്ചു മാർഗ്ഗദർശനം നൽകിയവനും,[1] മേച്ചിൽപുറങ്ങൾ ഉൽപാദിപ്പിച്ചവനും എന്നിട്ട് അതിനെ ഉണങ്ങിക്കരിഞ്ഞ ചവറാക്കിത്തീർത്തവനുമായ (രക്ഷിതാവിൻെറ നാമം.)

سَنُقْرِئُكَ فَلَا تَنسَىٰٓ ٦

6. നിനക്ക് നാം ഓതിത്തരാം. നീ മറന്നുപോകുകയില്ല.

إِلَّا مَا شَآءَ ٱللَّهُ ۚ إِنَّهُۥ يَعْلَمُ ٱلْجَهْرَ وَمَا يَخْفَىٰ ٧

7. അല്ലാഹു ഉദ്ദേശിച്ചതൊഴികെ.[2]

---

1 പ്രകൃതിയിലെ സചേതനവും അചേതനവുമായ മുഴുവൻ വസ്തുക്കൾക്കും കണിശവും സൂക്ഷ്മവുമായ വ്യവസ്ഥ അല്ലാഹു നൽകിയിട്ടുണ്ട്. ഓരോ വസ്തുവും എങ്ങനെ വർത്തിക്കണമെന്നത് സംബന്ധിച്ച മാർഗദർശനവും അതോടൊപ്പം അവൻ നൽകിയിട്ടുണ്ട്.

2 ഖുർആനിൽ നിന്ന് ഏതെങ്കിലും ഭാഗം നബി(ﷺ) മറന്നുപോകുമെന്ന് ഇതിനർത്ഥമില്ല. ഓർമശക്തി പോലെ തന്നെ മറവിയും അല്ലാഹുവിൻെറ ഒരു അനുഗ്രഹമാണ്. ചില കടുത്ത ദുരനുഭവങ്ങൾ മറക്കുവാൻ കഴിയേണ്ടത് ജീവിതയാഥാർത്ഥ്യങ്ങളെ വി